(സി) ചെറിയാനവട്ടത്ത് ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ചവറുകൾ സംസ്കരിക്കുന്നതിനായി ഒരു ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പമ്പയിലും സന്നിധാനത്തിലും മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പാർലമെന്റ് സമിതിയുടെ റിപ്പോർട്ട് ലോകസഭാ സ്പീക്കർക്ക് സമർപ്പിച്ചിട്ടുണ്ട്. പമ്പയിലും സന്നിധാനത്തുമുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ സർവെ നടത്തുക, ദീർഘകാലാടിസ്ഥാനത്തിലുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുക, പമ്പാനദി ശുചിയാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുക, സ്വീവേജ് പ്ലാന്റിനുള്ള 1.12 ഹെക്ടർ സ്ഥലം അനുവദിക്കുക, പാർക്കിംഗിന് അവശ്യംവേണ്ട സ്ഥലം കൂടുതൽ മരങ്ങളൊന്നും മുറിയ്ക്കാതെ അനുവദിക്കുക, ശുദ്ധജല ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക, വണ്ടിപെരിയാർ വഴിയുള്ള റോഡ് വീതി കൂട്ടാൻ അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശങ്ങളായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ജില്ലാകളക്ടർ, പോലീസ്സൂപ്രണ്ട്, വനംവകുപ്പിന്റേയും ദേവസ്വം ബോർഡിന്റെയും പ്രതിനിധികൾ, ബന്ധപ്പെട്ട പഞ്ചായത്ത് അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യവും, അപ്പാച്ചിമേട്ടിലെ കാർഡിയോളജി. സെന്ററിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും ചപ്പ്ചവറുകളും പ്ളാസ്റ്റിക് സാധനങ്ങളും മാറ്റി പരിസരം ശുചീകരിക്കേണ്ട കാര്യവും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗികമായ അറിയിപ്പൊന്നും ദേവസ്വം വകുപ്പിന് ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ മാസ്റ്റർ പ്ലാൻ ഒന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ, വനഭൂമി കിട്ടുകയാണെങ്കിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഒരു രൂപരേഖ ദേവസ്വം ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിയമസഭയുടെ പരിസ്ഥിതി സമിതി തയ്യാറാക്കിയ മാസ്റ്റർപ്ലാനും ശുപാർശകളും സർക്കാരിന്റെ പരിശോധനയിലാണ്.

## ശബരിമല ദുരന്തത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

**69 (1043)** <u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദുരന്തം സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ബി) റിപ്പോർട്ട് ശുപാർശകൾ എന്തൊക്കെയാണെന്നും റിപ്പോർട്ടിന് മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ദുരന്തത്തിനിരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്തത്തിന് ഉത്തരവാദികളായവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശബരിമല ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ അന്വേഷണ കമ്മീഷൻ 7.6.2000-ന് അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്.

(സി)&(ഡി) ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 25,000 രൂപ വീതവും, ദേവസ്വം ബോർഡ് 10,000 രൂപ വീതവും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50,000 രൂപ വീതവും നൽകിയിട്ടുണ്ട്. മരണപ്പെട്ട കേരളീയരായ 6 പേരുടെ കുടുംബത്തിന് വീണ്ടും 5000 രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ ഫണ്ടിൽ നിന്നും പരിക്ക് പറ്റിയവർക്ക് 5000 രൂപ മുതൽ 10,000 രൂപ വരെയും അനുവദിച്ചിട്ടുണ്ട്.

(ഇ) (എ) യുടേയും (ബി) യുടേയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഫീസ്

**70 (1044)** ശ്രീ. കെ. ബാബു :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻപ് ഫീസ് ഈടാക്കാതിരുന്ന ഏതെല്ലാം ഇനങ്ങൾക്കാണ് ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഇപ്പോൾ ഫീസ് ഈടാക്കി വരുന്നത്;

(ബി) ഇപ്രകാരം ഈടാക്കി വരുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഫീസ് ഈടാക്കിയിരുന്ന ഏതെല്ലാം ഇനങ്ങൾക്കാണ് ഫീസ് വർദ്ധിപ്പിച്ചത് എന്നും എന്ത് തുക വീതമാണ് വർദ്ധിപ്പിച്ചതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ അരങ്ങേറ്റം വഴിപാട് നടത്തുന്നതിനും, കഷേത്രം ഊട്ടുപുരയിൽ സപ്താഹം വഴിപാട് നടത്തുന്നതിനും, ഭക്തജനങ്ങളുടെ ചെരുപ്പ്, ലഗ്ഗേജ് എന്നിവ സൂക്ഷിക്കുന്നതിനും, പുന്നത്തൂർ കോട്ടയിലെ ആനത്താവളം നന്ദർശിക്കുന്നതിനും ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) മേലത്തൂർ ഓഡിറ്റോറിയത്തിൽ അരങ്ങേറ്റം നടത്തുന്നതിന് 250 രൂപ, ഊട്ടുപുരയിൽ സപ്താഹം നടത്തുന്നതിന് 750 രൂപ, ചെരുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly